# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2877 07.02.2018 ൽ മറുപടിക്ക്**

**റോഡുകളുടെ ഗുണനിലവാരം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ. ശശി** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) പൊതുമരാമത്തു വകുപ്പിന് കീഴിൽ (എൻ.എച്ച്.ഉൾപ്പെടെ) നിർമ്മിയ്ക്കപ്പെടുന്ന റോഡുകളുടെ ഗുണനിലവാരം നിശ്ചയിക്കുന്നതിനായി നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽ നിർമ്മാണ പ്രവർത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് മാന്വൽ പ്രകാരം നടപ്പിലാക്കുന്നുണ്ട്. പൊതുമരാമത്ത് പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും, മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തനം നടത്തി വരുന്നു. പ്രവർത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റുകൾ, പ്രവർത്തികളുടെ പേയ്മെന്റ് നൽകുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് പ്രവർത്തികൾ സുതാര്യമാക്കുന്നതിന്റെയും പ്രവർത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെയും, പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാകുന്നതിന്റെയും ഭാഗമായി സർക്കാർ ഉത്തരവ് ജി ഒ (എം എസ്) നം.1/ 2018/ പൊമവ തീയതി 05.01.2018 പ്രകാരം സോഷ്യൽ |

ഓഡിറ്റിംഗ് നടപ്പാക്കാനായി ഉത്തരവായിട്ടുണ്ട്. കൂടാതെ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ടു-ടയർ ക്വാളിറ്റി കൺട്രോൾ സിസ്റ്റം (two tier quality control system) നിലവിലുണ്ട്. ഇതിൻ പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചു വരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചു വരുന്ന അസി.എഞ്ചിനീയർമാർ പ്രവർത്തികൾ നടന്നു കൊണ്ടിരിക്കുമ്പോൾ പ്രവർത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്തു പ്രവർത്തികളുടെ ഗുണനിലവാര പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിക്കുകയും ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറാണ് ഉള്ളത്. ആയതിന്റെ പരിശോധന ഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്.കൂടാതെ ദേശീയപാത വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രോക്യൂമെന്റ് ആന്റ് കൺസ്ട്രക്ഷൻ (ഇ പി സി) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്, ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൽട്ടന്റ്

| | | | |
|---|---|---|---|
| | | | എഞ്ചിനിയർമാരെ നിയമിക്കാറുണ്ട്. |
| ബി) | നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ആയുസ്സ്,ബലം എന്നിവ പരിശോധിക്കുകയും റിപ്പോർട്ട് നല്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർ വരുത്തുന്ന വീഴ്ചകളും അഴിമതിയും കാരണം റോഡുകളുടെ ആയുസ്സ് കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ബി) & സി) | നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ആയുസ്സ്,ബലം എന്നിവ പരിശോധിക്കുകയും റിപ്പോർട്ട് നല്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർ വരുത്തുന്ന വീഴ്ചകളും അഴിമതിയും കാരണം റോഡുകളുടെ ആയുസ്സ് കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല, എന്നാൽ നിർമ്മാണ പ്രവർത്തികളുമായി ബന്ധപ്പെട്ട് വരുന്ന പരാതികൾ അന്വേഷിച്ച് വീഴ്ചകൾ തെളിയുന്ന പക്ഷം ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടിയും, കരാറുകാർക്ക് പ്രസ്തുത കരാറിലെ എഗ്രിമെന്റ് നിബന്ധനകളും പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ശിക്ഷാ നടപടികളും നടപ്പാക്കി വരുന്നുണ്ട്. |
| സി) | എങ്കിൽ ഇതിനു കാരണക്കാരായ കരാറുകാരേയും ഉദ്യോഗസ്ഥരെയും കണ്ടെത്തി ശിക്ഷണ നടപടി ഉറപ്പുവരുത്താനും ഉണ്ടായ നഷ്ടം കണക്കാക്കി അവരിൽ നിന്നും ഈടാക്കാനും ആയതു വഴി വകുപ്പിൽ കാലാകാലങ്ങളായി നിലനിൽക്കുന്ന അഴിമതികൾ ഇല്ലാതാക്കാനും, സർക്കാർ ഖജനാവിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കാനും അതുവഴി ഗുണനിലവാരമുള്ള റോഡും യാത്രികരുടെ ആയുസ്സും ഉറപ്പുവരുത്താനുമായി സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ